## പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ: T 479

29.06.2015 ൽ ബഹു: ധനകാര്യവും
നിയമവും ഭവനനിർമ്മാണവും വകുപ്പമന്ത്രി
മറുപടി പറയേണ്ടത്

### ശമ്പളപരിഷ്കരണം

**ചോദ്യം** **ഉത്തരം**

ശ്രീ. കെ. അജിത്

ശ്രീ. കെ.എം. മാണി, ധനകാര്യവും
നിയമവും ഭവനനിർമ്മാണവും വകുപ്പമന്ത്രി

| | | | |
|---|---|---|---|
| (എ) | സർക്കാർ ജീവനക്കാരുടേയും അദ്ധ്യാപകരുടേയും ശമ്പളപരിഷ്കരണവുമായി ബന്ധപ്പെട്ട നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ ; | : | പത്താം ശമ്പള പരിഷ്കരണ കമ്മീഷന്റെ പ്രവർത്തനം അന്തിമ ഘട്ടത്തിലാണ്. |
| (ബി) | ശമ്പളക്കമ്മീഷന്റെ കാലാവധി എന്നാണ് അവസാനിക്കുന്നത്; കാലാവധി നീട്ടുന്നതിന് ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ; | : | പത്താം ശമ്പള പരിഷ്കരണ കമ്മീഷന്റെ പ്രവർത്തന കാലാവധി 2015 ജൂൺ മാസം 30-ാം തീയതി വരെയാണ്. കമ്മീഷന്റെ കാലാവധി നീട്ടുന്നത് സംബന്ധിച്ച് നാളിതുവരെ തീരുമാനം എടുത്തിട്ടില്ല. |
| (സി) | നിലവിലുള്ള കീഴ്വഴക്കമനുസരിച്ച് ഏതു വർഷവും ഏതു മാസവും മുതലാണ് ശമ്പള വർദ്ധനവ് നടപ്പാക്കേണ്ടത് ; പ്രസ്തുത തീയതി മുതൽ ശമ്പളപരിഷ്കരണം ഉറപ്പാക്കുവാനുള്ള നടപടികൾ സ്വീകരിക്കുമോ ; | : | അഞ്ച് വർഷ തത്വത്തിന്റെ അടിസ്ഥാനത്തിൽ 01.07.2014 മുതലാണ് വേതനം പരിഷ്കരിക്കേണ്ടത്. പത്താം ശമ്പള പരിഷ്കരണ കമ്മീഷന്റെ പ്രവർത്തന കാലാവധി സർക്കാർ 2015 ജൂൺ 30-ാം തീയതി വരെ അനുവദിച്ചിട്ടുണ്ട്. ടി കാലാവധിക്കുള്ളിൽ തന്നെ ശമ്പള പരിഷ്കരണ കമ്മീഷൻ ശുപാർശ സർക്കാരിന് സമർപ്പിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ശുപാർശ ലഭിച്ചതിനുശേഷം മാത്രമേ ശമ്പളപരിഷ്കരണം എന്നു മുതൽ നൽകണമെന്നുള്ള വിഷയത്തിൽ തീരുമാനം എടുക്കുകയുള്ളൂ. |
| (ഡി) | ശമ്പളപരിഷ്കരണവുമായി ബന്ധപ്പെട്ട് ജീവനക്കാരുടെ സംഘടനകൾ പ്രതിഷേധമോ ആശങ്കയോ അറിയിച്ചിട്ടുണ്ടോ ; എങ്കിൽ എന്തു നടപടിയാണ് സ്വീകരിച്ചത് ; | : | ശ്രദ്ധയിൽപെട്ടിട്ടില്ല. |
| (ഇ) | ശമ്പളക്കമ്മീഷനെ നിയമിച്ചത് എന്നു മുതലാണെന്നും ആയതിന് കാലാവധി നീട്ടി നൽകിയിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ? | : | പത്താം ശമ്പള പരിഷ്കരണ കമ്മീഷൻ 30/11/2013 തീയതിയിലെ സ.ഉ.(കൈ) നമ്പർ 583/2013/ധന ഉത്തരവ് പ്രകാരം നിലവിൽ വന്നു. 12/06/2014 തീയതിയിലെ സ.ഉ.(കൈ) നമ്പർ 218/2014/ധന ഉത്തരവിലൂടെ കമ്മീഷന്റെ പ്രവർത്തനം 04/12/2014 വരെയും 29/11/2014 തീയതിയിലെ സ.ഉ.(കൈ) നമ്പർ 521/2014/ധന പ്രകാരം 30/06/2015 വരെയും ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ